1	വടകര	2011 ജൂൺ
2	ഉപ്പാറ	2011 ജൂലൈ
3	ഗാന്ധിനഗർ	2012 ജനുവരി
4	പുനലൂർ	2012 മാർച്ച്
5	പെരിന്തൽമണ്ണ	2013 ഫെബ്രുവരി
6	കുറ്റിപ്പുങ്ങാട്	2013 മേയ്
7	നെടുമങ്ങാട്	2013 ഒക്ടോബർ
8	അങ്കമാലി	2014 ഡിസംബർ

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചില്ലറ വില്പന കേന്ദ്രങ്ങളുടെ വിറ്റു വരുമാനം ഗണ്യമായി കുറഞ്ഞിട്ടില്ല.

(ഡി) സപ്ലൈകോയുടെ വിപണി വിഹിതം കണക്കാക്കിയിട്ടില്ല.

സപ്ലൈകോ മെഡിക്കൽ സ്റ്റോർ

255 (1339) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയതായി ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) പൊതുജനങ്ങളുടെ ആവശ്യം, വിപണന സാദ്ധ്യത, ന്യായമായ വാടകയ്ക്ക് ആവശ്യത്തിനുള്ള വലിപ്പ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കാവുന്നതാണ്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ ഔട്ട്ലെറ്റുകൾ

256 (1340) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-ലും 2015-ലും സപ്ലൈകോ ഔട്ടലെറ്റുകൾ എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2005, 2015 വർഷങ്ങളിലെ സപ്ലൈകോ വിൽപ്പനശാലകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വിൽപ്പനശാലയുടെ പേര്	2005	2015 നിലവിൽ
1	മാവേലി സ്റ്റോർ	880	957
2	സൂപ്പർ മാർക്കറ്റ്	--	394
3	ശബരി സൂപ്പർ മാർക്കറ്റ്	197	--
4	പീപ്പിൾസ് ബസാർ	--	25
5	ഹൈപ്പർ മാർക്കറ്റ്	--	4
6	ആപ്പാ ബസാർ	--	1
7	പ്രീമിയം ഔട്ട് ലെറ്റ്	--	1
8	മാവേലി മെഡിക്കൽ സ്റ്റോർ	47	101
9	പെട്രോൾ ബങ്ക്	10	16
10	എൽ.പി.ജി. ഔട്ട്‌ലെറ്റ്	3	3
11	മൊബൈൽ മാവേലി സ്റ്റോർ	6	22
	ആകെ	1143	1524

LIBRARY ARCHIVES Kerala Legislative Assembly